


**MA ARABIC POST AFZALUL-ULAMA FIRST YEAR 2019**

**MADEENATHUL ULOOM ARABIC COLLEGE,PULIKKAL**

بسم الله الرحمن الرحيم

سررت جدا بمعرفة إصدار مجلة أدبية تحت قيادة طلاب الماجستير الأول في كلية مدينة العلوم العربية باسم ’ഉള’

باستهداف توثيق مواهبهم اللغوية وتحسين مقدراتهم الإبداعية. ومما لا يخفى على أحد، أن القراءة الواسعة والمطالعة المتتالية تشكل شخصية قادرة على الإنشاء والإبداع، حيث يكتسب بها الدارس مكانة متفوقة في جميع جوانب العالم الأكاديمي.

أنتهز هذه الفرصة لأقول بتهنئة طلبتي الأعزاء مع أحلى التمنيات وأخلص التبريكات. كما أنصحهم جميعا ليبذلوا جهودهم المتضافرة لكي يمتلكوا مهارة متميزة في مجال العلم والكتابة والإنشاء، وفقنا الله وإياهم لما فيه الخير والصلاح في الدارين.

بوليكال

٢٠١٩/٨/١

مع أصدق التمنيات

**دكتور سيد محمد شاكر**

(عميد كلية مدينة العلوم العربية)

മഴ നന്നായി പെയ്തിറങ്ങിയൊരു പകലിൽ ഇവർ 17 പേർ ഒരുമിച്ച് ചിന്തിച്ചതും ചർച്ച ചെയ്തതും മഴയെക്കുറിച്ച് തന്നെയായിരുന്നു...
മനസ്സിൽ നിന്നും ഊർന്നിറങ്ങിയ കവിതയുടെ പെരുമഴ പേനത്തുമ്പുകളിലൂടെ കടലാസിലേക്ക് പതിച്ചു.
ഇതുവരെ ജീവിതത്തിൽ കവിത എഴുതിയിട്ടില്ലാത്തവരുടെ പരിശ്രമം ആണിത്.
ഒരു തുള്ളി വെള്ളത്തിൽ നിന്നാണ്
പെരുമഴ ഉണ്ടാകുന്നത്.
ഇത് ഒരു മഴപ്പെയ്ത്ത് ആണ്, കവിതയുടെ,
ഭാവനയുടെ,
വേദനയുടെ,
ആനന്ദത്തിന്റെ,
കനവിന്റെ,
കനിവിന്റെ..... അങ്ങനെ അങ്ങനെ...
ആശയങ്ങളുടെ അതിരില്ലാത്ത ലോകത്ത്,
പ്രഥമ വർഷ പിജി വിദ്യാർത്ഥികൾ പാറിപ്പറന്നു നടക്കട്ടെ...

സസ്നേഹം പ്രതീക്ഷയോടെ,

സാബിർ നവാസ്

നിങ്ങളുടെ സ്വന്തം ക്ലാസ് ടീച്ചർ.

السلام عليكم..

നമ്മുടെ കോളേജിലെ പി.ജി. ഒന്നാം വർഷ വിദ്യാർഥികൾ അണിയിച്ചൊരുക്കിയ കവിതകൾ വായിച്ചു.

വെളിപാടുകൾ കണക്കെ

കലയും സാഹിത്യവും  സംസ്കാരവും കാഴ്ച്ചപ്പാടും സമ്മേളിച്ച ഹൃദയഹാരിയായ വരികൾ തനിമയോടെ നെയ്തെടുത്ത മുഴുവൻ വിദ്യാർഥികളെയും അഭിനന്ദിക്കുന്നു.

മികച്ച തുടക്കം കൈമോശം വരാതെ നനവിന്റെ ഈ മഴത്തുള്ളികൾ ഉണങ്ങി വരണ്ട മനസ്സുകളിലേക്ക് ആത്മാവിന്റെ ഉൾത്തുടിപ്പുകളായി ഇനിയുമിനിയും വർഷിക്കട്ടെ !

ശുവാനമായ് പെയ്തിറങ്ങിയ തെളിനീരിന്റെ കാവ്യധാരക്ക്

നന്മകൾ മാത്രം നേരുന്നു.

പ്രൊ.സി.കെ മുഹമ്മദ് ബഷീർ

കടുത്ത ചൂടിൽ ഒരു കുളിരായും, വിങ്ങുന്ന മനസിലേക് ഒരു സ്നേഹ തണുപ്പായും മഴ പെയ്തിറങ്ങുന്നു.

മഴയെ കുറിച്ച് വർണ്ണികാത്ത കവികളില്ല മഴയുടെ വിവിധ ഭാവങ്ങൾ ഈ മാഗസിനിലൂടെ നിങ്ങൾക്ക് മുമ്പിൽ എത്തുന്നു. മദീനത്തുൽ ഉലൂമിലെ ബിരുദാനന്തര ബിരുദ ഒന്നാം വർഷ വിദ്യാർത്ഥികൾ അണിയിച്ചൊരുക്കുന്ന ക്ലാസ്സ് മാഗസിൻ **"മഴ"** അത്തരത്തിൽ ഒരു അനുഭവമാണ്. മഴയെകുറിച്ചുള്ള കവിതകളുടെ ഒരു സമാഹാരമാണ് ഈ മാഗസിൻ.

**മറിയം ഷഹല. വി**

**(എഡിറ്റർ)**

## Chief Editor

MARIYAM SHAHALA .V

## Editorial board

SAJIRA K.C

NIDHA UMMER

AJAS V

MUHAMMED SHAFEEQU.P

## Co ordinator

Dr. SABIR NAVAS C.M



# ഓർമകൾ ചൊരിയുന്ന മഴ

ആകാശത്ത് കാർമേഘം ഇരുണ്ട് കൂടുമ്പോൾ

എവിടെ നിന്നറിയാതെ ചില ഓർമകളും ഇരുണ്ട് കൂടാറുണ്ട്.

ആ രാത്രിമഴയിൽ കേണും ചിരിച്ചും വിതുമ്പിയും

നിർത്താതെ പിറുപിറുത്തും എന്നും എനിക്കൊപ്പമുണ്ടാവാറുണ്ട്.

കുടയെടുക്കാതെ നനയാൻ ഒരു മഴ സൂക്ഷിച്ച് വെച്ചിട്ടുണ്ട് ഞാൻ.

മഴ എന്നും മൗനിയായിരുന്നു, എന്റെ കൂടെ നിന്ന് കരയാൻ മാത്രം അറിയുന്നവൾ

അങ്ങനെ പെയ്തൊഴിഞ്ഞ മഴക്കൊപ്പം

ആ ഓർമകളും ഒഴുകി അകന്നിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കാറുണ്ട്.

പക്ഷേ ഓരോ വരവിലും എന്റെ ഓർമകളെ

പുതുക്കികൊണ്ട് മഴ എന്നും യാത്രയാവുന്നു.

പരാതിയും പരിഭവവുമില്ല...

എനിക്കിഷ്ടമാണ്....

എന്റെ മഴയും കൂടെ ചൊരിയുന്ന എന്റെ ഓർമകളെയും....

**സാജിറ കെ.സി**

# المطر يكلّمنا

المطر يكلّمنا دائما

حين تبكي السماء

وسالت الدموع من عيونه

من السبب لبكائه؟

أهو بفراق رفيقته؟

أم بفراق أطفاله؟

أم هو غاضب علينا؟

بسبب أفعالنا الفضيحة

هل تريد أن تؤْلمنا؟

أم هو بمحبّته البريئة؟

ويسّلمنا برحمته

يا مطر نريد المحبة منك

ليس الغضب ولا الحزن

يا مطر تمطر علينا دائما

بسلامة وقرّة

نداء عمر

Muhammed Rahees

# മാലാഖ

കത്തിയെരിഞ്ഞ ശരീരമാം ജന്തു —

സസ്യങ്ങളാം ഭൂമുഖത്തിൽ

കാത്തിരിപ്പാം മധുമാലാഖയെ

ദൂരദിക്കുകളിൽ നിന്നൊരു വരവിനായി

കാത്തിരിപ്പാണവരെങ്കിലും.

വിദ്വേഷവും സങ്കടവും അടക്കിയിരി–

ക്കുകയായ് നിമിഷങ്ങളോരോന്നും.

ഒടുവിൽ കാത്തിരിപ്പിന്റെ ഹൃദയത്തുടി–

പ്പിലേക്കൊരു മാലാഖയെപ്പോലെ

വന്നെത്തി ഞാനൊരു പേമാരിയായ്...

# المطر

هبت الرياح
اسودت الغمام
زالت الشمس
مالت الاشجار
فتمطر السماء
فيمطر معها الكسل
حاولت أن أستيقظ
فتمسكنى الكسل

سفيرة


വെയിലുള്ള രാവുകളിൽ
മഴ നനയാൻ ഞാൻ കൊതിച്ചിരുന്നു
എന്നാൽ മഴ ഉള്ള രാവുകളിൽ
വെയിലിനെ ഞാൻ ഓർത്തതുപോലുമില്ല
ഞാൻ പ്രണയിച്ചത് മഴയോടാണ്.
ഫാത്തിമ നസീഹ വി

മഴ എന്തെന്ന് ഞാൻ അറിയുന്നു

ഏകാന്തമാമീ നിമിഷങ്ങളിൽ

പെയ്യുന്നതെൻ കൺ തടങ്ങളിൽ

അറിയുന്നു ഞാനാ നനവുകൾ

എൻ ഹൃദയത്തിലായ് വീശുന്ന

കാറ്റിൽ ഉലയുന്നു ഞാനാകവേ...

ഇന്നറിയുന്നു ഞാനാ സത്യം

ഞാനേകയാണ്, അതെ ഞാനേകയാണ്.

ഷഹന ഷിറിൻ





കേട്ടിരുന്നു ഞാനെവിടെയോ

കണ്ടിരുന്നു ഒരു പുസ്തകതാളിലായ്

പഠിച്ചിരുന്നു പണ്ടെപ്പഴോ

അന്നതൊരു കൗതുകമായിരുന്നു

അതെന്തെന്ന ചിന്തയായിരുന്നു

ഇന്നാദ്യമായ് ഞാനറിഞ്ഞു

മഴയെന്ന സുഖമുള്ള ആ സ്പർശം.

ഷഹന ഷിറിൻ

# എന്റെ ബാല്യകാലം

തിരിച്ചു തരുമോ എൻ ബാല്യകാലത്തെ
ഓർമ്മകളിൽ ഓടിയെത്തുന്ന മഴക്കാലത്ത്
വിദ്യാലയത്തിലെ വൈകുന്നേര സമയത്ത്
മഴനനഞ്ഞ് വീട്ടിലേക്ക് ഓടുന്ന സമയത്ത്
പുഴ പോലെ ഒഴുകുന്ന മൈതാന മുറ്റത്ത്
ഓടിച്ചാടി കളിക്കുന്നു കൂട്ടുകാരോടൊത്തു
വലിച്ചെറിഞ്ഞു എൻ ഭാരിച്ച പുസ്തക കെട്ടുകൾ
ഓടിച്ചാടി നടന്നു എൻ വിദ്യാലയ വഴികളിൽ
തോടായി മാറിയ എൻ റോഡിലെ കുഴികളിൽ
ചാടി ഞാൻ തെറിപ്പിച്ചു ചെളികളെല്ലാം
ഓർത്ത് പോയില്ല ഞാൻ വീട്ടിലെ അവസ്ഥകൾ
മതി മറന്നു പോയി ഞാൻ എൻ ബാല്യകാലത്തിൽ
തിരികെ തരുമോ എൻ ബാല്യകാലത്തെ
തിരികെ തരുമോ എൻ മഴക്കാലത്തെ....

ഷാജഹാൻ.പി

# തോരാത്ത മഴ

കറുത്തിരുണ്ട കാർമേഘക്കെട്ടുകളിൽ

ആർത്തിരമ്പുന്ന ഇടിനാദങ്ങൾക്കുമിടയിൽ

മിന്നി തിളങ്ങുന്ന മിന്നലിൻ വെട്ടത്തിൽ

ആർത്തിരമ്പി നീ പയ്തിറങ്ങിയപ്പോൾ

ആദ്യമാദ്യം എൻമനമൊക്കെ തുളുമ്പി

തുടർന്നില്ല ആ സന്തോഷമതികനേരം

തോരാതെ നീ

പെയ്തുകൊണ്ടേയിരുന്നപ്പോൾ

എന്തെന്നില്ലാത്ത ഭയം തോന്നുകയായ്

എന്നാലും നീയില്ലാതെ ഭൂമിയില്ല

അമ്മയില്ലാതെ എന്ത് ജീവിതം മക്കൾക്ക്

നീയാണെൻ ജീവിത തുടിപ്പ്

സഫീർ സി

# പെയ്തിറങ്ങാത്ത മഴ

സങ്കടങ്ങളുടെ പാഡ്ഥാവുകൾ ചുവക്കുന്ന നേരം
ഇതൊന്നു മഴയായ് പെയ്തിറങ്ങിയിരുന്നുവെങ്കിൽ,
മായ്ക്കാനാകുന്നില്ല ഒരു മഴവെള്ളപ്പാച്ചിലിനും
ഈ ദുഃഖത്തിൻ കാർമേഘക്കെട്ടുകളെ
ഇതൊന്നു മഴയായ് പെയ്തിറങ്ങിയിരുന്നുവെങ്കിൽ
ഗർജിക്കുന്ന ഇടി നാഥങ്ങൾക്കുമിടയിലും
കുലുക്കമില്ല കൂസലില്ലാതിരിക്കുന്ന നീ
ഓർക്കുന്നില്ല നീറി നീറിയെരിയുന്ന എൻ മനം

MUHAMMED JASEEL

# നിർവചനം



ആകാശത്തിൻ നിറഞ്ഞ നീലമയം മാറവെ...

ഇരുട്ടിൽ നിറഞ്ഞ ഒരു ചെറിയ വെട്ടം

ഘോര ശബ്ദത്താൽ മിന്നിമറിയവെ..,

രണ്ട് തുള്ളികൾ കൈയിൽ വന്നു പതിഞ്ഞ സമയം

അറിയുന്നു  നാം

നമ്മുടെ സങ്കടങ്ങളും,  സന്തോഷങ്ങളും

വെള്ള തുള്ളികളാൽ  പതിയവെ ....

അതിനു  നാം നിർവചനം നൽകുന്നു മഴ!!!

അനുഭവങ്ങൾ നൽകുന്ന പാഠം.....

**മറിയം ഷഹല  വി**

# മഴയെന്നൊരു മഴ

മഴ മഴയെന്നൊരു മഴ

മഴയിൽ തളിർത്തൊരാനന്ദം

മഴയെന്നു കേട്ടാൽ ശപിക്കും ചിലർ

മഴയെന്നു കേട്ടാൽ ആഹ്ലാദമാം ചിലർ

ശാപവും പ്രശംസയും ഏറ്റുവാങ്ങി

തോരാതെ തോരാതെ പെയ്തൊരു മഴ

പഴം പോലെ പലവിധമാം മഴനാമങ്ങൾ

ചാറ്റൽ മഴ  പേമാരി പെരുമഴ



അങ്ങനെ പോകുന്നു പല നാമങ്ങൾ

മഴയെ ശപിക്കുന്നവരെല്ലാവരും

ശാപമായിരിക്കട്ടെ എന്നെന്നും...

ബാതിഷ്. വി

# പ്രണയമീ മഴ

ഈ മഴക്ക് ആസ്വാദന ഭംഗി ഏറെയാണ്
മണ്ണിൽ അലിയാൻ ഏറെയാണ്
മന്ദം തൂകി വരുന്ന പ്രണയം പോലെ
ഈ മഴക്ക് ആസ്വാദന ഭംഗി ഏറെയാണ്
ശീതികരിക്കട്ടെ മണ്ണും മേനിയും ഒരുപോലെ
മണ്ണിന്റെ മേനിയിൽ ഊർന്നിറങ്ങട്ടെ
മരച്ചില്ലക്ക് മീതെ ഇരുന്ന ഞാൻ
ഈ മഴ നനയട്ടെ ചില്ലയിലൂടെ ഞാൻ
നിൻ തുള്ളികൾ മേനിയിൽ തഴുകുമ്പോൾ
അറിയുന്നു പ്രണയ ഗീതം ഞാൻ
മണ്ണിൽ ഊർന്നിറങ്ങുന്ന മഴയുടെ പ്രണയം
ഈ മഴക്ക് ആസ്വാദന ഭംഗി ഏറെയാണ്
മണ്ണിൽ അലിയാൻ ഏറെയാണ്
മന്ദം തൂകി വരുന്ന പ്രണയം പോലെ
ഈ മഴക്ക് ആസ്വാദന ഭംഗി ഏറെയാണ്

മുഹ്സിൻഫസീഹ്.വി


# Rain over

**All the rain is not from the sky**
**From a wide heart like the sky**

**It is not water that falls**
**It's tears...**

**All that was raining**
**And also will keep raining**

**AJAS V**



# കറുത്ത നേരങ്ങൾ

കാത്തിരിപ്പിന്റെ കറുത്ത നേരങ്ങൾ

കാതലൂറ്റും പഴയ ചുമരുകൾ

കാതിലൂടെ കനത്തൊരു

കാത്തിരിപ്പിൻ ഹൃദയതാളം

കണ്ണീരിനെ വെല്ലും

കണ്ണീരായി പെയ്യും

കാണുമ്പോൾ കുളിരായി

ഹൃദയത്തിൽ നോവായ്

കാതടിപ്പിക്കും കാഞ്ചനയുടെ ഈണം

അലട്ടുമീ കാതുകളിൽ

മഴയായി മനമായി മധുവായി

മനം നിറയും നോവായ് .

# സ്വാർത്ഥൻ

ഒരു പാട്ടു കാലം കാത്തിരുന്നില്ലെ നീ....

എന്തെ...ഇപ്പൊ എന്നെ ശപിച്ചീടാൻ...

ഇന്നു ഞാൻ കാലം തെറ്റി നിങ്ങളിലെത്തുമ്പോൾ

കരുതുക മനുഷ്യാ....നിൻ കരങ്ങളെ

നിങ്ങൾ സന്തോഷിച്ചിരുന്ന എന്നിലെ,

കോപത്തെ ഉണർത്തിയതും നിങ്ങൾ തന്നെ.

പാടങ്ങൾ ഇല്ലാ... മരങ്ങൾ ഇല്ലാ...

എനിക്കൊന്ന് ഊർന്നിരിക്കുവാൻ ഒരു തുണ്ട് ഭൂമിയില്ല.

മണിമാളികകളാൽ ഭൂമിയെ അലങ്കരിക്കുമ്പോൾ

ഓർക്കുക നിങ്ങൾ ഭാവി തലമുറയെ

ഓർക്കുവാൻ നിങ്ങൾ വൈകിയെങ്കിൽ

നിങ്ങളെ ഞാനും മറന്നിട്ടും...

**റഷാദ്**

# മഴ

മുഹമ്മദ് ഷഫീഖ്.പി

കണ്ണീർ തടങ്ങളിൽ നിന്ന്
ഇറ്റിവീഴുന്നപ്പോൽ
പെയ്തിറങ്ങീ മഴ...
ചാറി ചാറി പെയ്തിറങ്ങിയ മഴ
കോരിച്ചൊരിയുന്നതായ് മാറി.
ക്ലാസിലിരിക്കുന്ന വിദ്യാർത്ഥികൾക്ക്
മഴയത്തു നടക്കാൻ മോഹമായ്...
ക്ലാസെടുക്കുന്ന മാഷിനാകട്ടെ
കവിത എഴുതാൻ പൂതിയായ്...
അവസാനം മഴ വിദ്യാർത്ഥികൾക്ക്
എട്ടിന്റെ പണി കൊടുത്ത്
യാത്രയായ്...
മേഘപകിട്ടിൽനിന്ന് പെയ്തിറങ്ങുന്ന
പോലെയും ആർത്തിരമ്പി പെയ്യുന്ന
പോലെയും
മഴ കടലാസിലിൽ പെയ്തു
കൊണ്ടേയിരുന്നു...

# മഴനൊമ്പരം

നൊമ്പരമെഴുതിയ മഴയെ....

എത്ര നീ വേദന തന്നുവെന്നാലും

പ്രണയിച്ചു പോയില്ലേ

നിന്നെ ഞാൻ മഴയെ....

പ്രണയിച്ചീടും ഞാൻ

ഇനിയുള്ള കാലവും

നിൻ മഴത്തുള്ളി കിലുക്കമാണിപ്പോഴും

എൻ ഹൃദയതാളം.

ജുനൈദ് അലി

"WHEN WORD ATTAIN SOUL, INEFFABLE BECOMES REVEALED!"